# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1767 | 04.10.2016- ൽ മറുപടിക്ക്

## വിരമിച്ച വനിതാ ജീവനക്കാരുടെ പെൻഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എം. മണി | ശ്രീ. എ.സി.മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | എറണാകുളം ജില്ലാ കോ -ഓപ്പറേറ്റീവ് പ്രിന്റിംഗ് പ്രസ് ലിമിറ്റഡിൽ നിന്നും വിരമിച്ച വനിതാ ജീവനക്കാർക്ക് നാളിതുവരെ പെൻഷൻ ലഭിച്ചിട്ടില്ല എന്ന് കാട്ടി പരാതി ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| ബി) | ഇവർക്ക് നാളിതുവരെ പെൻഷൻ ലഭിക്കാനിടയാകാതെ പോയ സാഹചര്യം വിശദീകരിക്കാമോ; | (ബി) | എറണാകുളം ജില്ലാ കോ-ഓപ്പറേറ്റീവ് പ്രിന്റിംഗ് പ്രസ് ഭരണസമിതി പ്രസ്തുത ജീവനക്കാരിൽ നിന്നും പിടിച്ച പെൻഷൻ വിഹിതവും നാളിതുവരെയുള്ള കുടിശ്ശികയും ഇതുവരെ പെൻഷൻ ബോർഡിലേക്ക് അടച്ചിട്ടില്ല. |
| സി) | ഇവരിൽ നിന്നും പെൻഷൻ വിഹിതം പിടിച്ചിട്ടുണ്ടായിരുന്നോ; | (സി) | പെൻഷൻ വിഹിതം പിടിച്ചിരുന്നു. |
| ഡി) | ഭരണസമിതി ഇവരിൽ നിന്നും പിടിച്ച പെൻഷൻ വിഹിതം അടച്ചിട്ടുണ്ടോ; | (ഡി) | ഇല്ല. |
| ഇ) | സർവ്വീസിൽ ഉണ്ടായിരുന്ന സമയത്ത് ഭരണസമിതി പെൻഷൻ വിഹിതം പിടിച്ചിട്ടും ഇവരുടെ പെൻഷൻ വിഹിതം അടച്ചിട്ടില്ലായെങ്കിൽ ഈ വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ഇ) | ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| എഫ്) | പെൻഷൻ വിഹിതം ഭരണസമിതി അടച്ചിട്ടില്ലെങ്കിലും സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ നൽകണമെന്ന 07.12.2008-ലെ ഹൈക്കോടതി ഉത്തരവ് പാലിക്കാതെ പോയ സാഹചര്യം വിശദീകരിക്കാമോ; | (എഫ്) | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

......2

ജി) ഇപ്രകാരം എത്ര ജീവനക്കാർക്കാണ് പെൻഷൻ നാളിതുവരെ ലഭിക്കാത്തത്; ഇവർ ഓരോത്തർക്കും എത്ര വർഷം സർവ്വീസ് ഉണ്ടായിരുന്നു; ഇവർ വിരമിച്ചിട്ട് എത്ര നാളുകളായി; ഇവ സംബന്ധിച്ച വിശദാംശം നൽകാമോ; ഭരണസമിതി ജീവനക്കാരിൽ നിന്നും പിടിച്ച പെൻഷൻ വിഹിതം അടച്ചില്ല എന്ന് കാട്ടി പെൻഷൻ തടഞ്ഞുവച്ചിരിക്കുന്ന ഇവർക്ക് പെൻഷൻ നൽകുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടി വിശദീകരിക്കാമോ; ഇവർക്ക് അടിയന്തരമായി പെൻഷൻ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ജി) എറണാകുളം ജില്ലാ കോ-ഓപ്പറേറ്റീവ് പ്രിന്റിംഗ് പ്രസിൽ നിന്നും വിരമിച്ച 4 ജീവനക്കാർക്കാണ് നാളിതുവരെ പെൻഷൻ ലഭിക്കാത്തത്. ടി ജീവനക്കാർക്ക് എത്ര വർഷം സർവ്വീസ് ഉണ്ടായിരുന്നു എന്നും ഇവർ വിരമിച്ചിട്ട് എത്ര നാളായിട്ടുണ്ടെന്നും ഉള്ള വിശദവിവരം ചുവടെചേർക്കുന്നു.

| ക്രമ നം. | പേര് | സർവ്വീസ് | വിരമിച്ചതിന് ശേഷമുളള കാലയളവ് |
|---|---|---|---|
| 1 | രുഗ്മിണി.എ | 33 വർഷം | 10 വർഷം |
| 2 | ഭാരതി | 31 വർഷം | 15 വർഷം |
| 3 | വിശ്വനാഥ കമ്മത്ത് | 10 വർഷം | 11 വർഷം |
| 4 | രമണി | 36 വർഷം | 10 വർഷം |

എറണാകുളം ജില്ലാ സഹകരണ പ്രിന്റിംഗ് പ്രസ് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിരിച്ചെടുത്ത പ്രോവിഡന്റ് ഫണ്ട് ജില്ലാ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ സംഘത്തിന്റെ വിഹിതം മാറ്റിയതായി കാണുന്നില്ല. സ്വന്തം കൈയ്യിൽ നിന്നും കുടിശ്ശിക അടച്ച ജീവനക്കാർക്ക് പെൻഷൻ ലഭിച്ചിട്ടുണ്ട്. സ്വന്തമായി പണം അടയ്ക്കാൻ നിവൃത്തി ഇല്ലാത്തതിനാൽ ശ്രീമതി.ടി.എൻ.ഭാരതി പെൻഷനു വേണ്ടി അവർ അടച്ച പണം തിരികെ പിൻവലിച്ചു കൊണ്ടു പോയതായും പിരിഞ്ഞു പോയ ജീവനക്കാരായ ശ്രീമതി. രുഗ്മിണി, ശ്രീമതി. രമണി എന്നിവർ അവരുടെ നിക്ഷേപത്തിനു ആനുപാതികമായി സംഘത്തിന്റെ വിഹിതവും ചേർത്ത്

സംഘത്തിൽ നിന്നും കൈപ്പറ്റിയതായും രേഖകൾ പരിശോധിച്ചതിൽ അറിയാൻ കഴിഞ്ഞിട്ടുണ്ട്. പെൻഷൻ വിഹിതം പെൻഷൻ ബോർഡിൽ അടയ്ക്കുന്നതിന് എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ബാങ്ക് ഭരണസമിതിയ്ക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**